(ബി) അപേക്ഷകരുടെ ബാഹുല്യം കാരണമുണ്ടാകുന്ന കാലതാമസം പരമാവധി കുറയ്ക്കുന്നതിനായി റവന്യൂ (ഡി.ആർ.എഫ്.) വകുപ്പിൽ താത്ക്കാലിക സംവിധാനം ഒരുക്കിയിട്ടുണ്ട്.

(സി) പരമാവധി സഹായം നൽകാൻ ശ്രമിക്കുന്നുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധന സഹായം

73 (74) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അമ്പലപ്പുഴ താലൂക്കിൽ ഏത് തീയതി വരെ ഉത്തരവ് ലഭിച്ചവർക്ക് ധനസഹായം നൽകിയെന്ന് വ്യക്തമാക്കുമോ ;

(സി) ഉത്തരവ് ലഭിച്ചിട്ടും ധനസഹായം ലഭിക്കാത്ത എത്രപേർ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന ധനസഹായം വിതരണം ചെയ്യുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 25-8-2014 വരെ ഉത്തരവ് ലഭിച്ചവർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(സി) ഉത്തരവ് ലഭിച്ചിട്ടും ധനസഹായം ലഭിക്കാത്ത 383 പേർ ഉണ്ട്.

(ഡി) ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യേണ്ടതാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ധനസഹായ വിതരണം

74 (75) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിച്ചാൽ ആയത് എത്ര സമയത്തിനുള്ളിലാണ് വിതരണം ചെയ്യാറുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly